സാങ്കേതിക വിദഗ്ധരേയും മറ്റുള്ളവരെയും ഉൾപ്പെടുത്തി 'ഇൻഫർമേഷൻ കേരള മിഷൻ' എന്ന പേരിൽ ഒരു പ്രോജക്ട് ഗ്രൂപ്പ് സി-ഡിറ്റ് രൂപീകരിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ആസൂത്രണ ബോർഡ്, തദ്ദേശഭരണവകുപ്പ്, തദ്ദേശഭരണ സ്ഥാപനങ്ങൾ ഇവയിലൂടെയാണ് ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

(ഇ) പ്രസ്തുത പരിപാടി മുഖ്യമായും സി-ഡിറ്റ് മുഖേനയായിരിക്കും നടപ്പിലാക്കുക.

(എഫ്) പദ്ധതി നടത്തിപ്പിനായി 20 കോടി രൂപ ചെലവഴിക്കേണ്ടി വരുമെന്ന് പ്രതീക്ഷിക്കുന്നു.

(ജി-ഐ) (സി) ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

പൊതു വിതരണ സമ്പ്രദായം

27 (*27)ശ്രീ. ഇസഹാക്ക് കുരിക്കൾ :

ശ്രീ. കെ.പി.എ. മജീദ് :

ശ്രീ. എം. കെ. മുനീർ :

ശ്രീ. സി.ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള സ്റ്റാറ്റ്യൂട്ടറി റേഷൻ സംവിധാനം നിർത്തലാക്കാൻ കേന്ദ്ര നിർദ്ദേശം ലഭിച്ചിട്ടുണ്ടോ;

(ബി) ഭക്ഷ്യ വസ്തുക്കളുടെ വില നിയന്ത്രണം സാദ്ധ്യമാക്കുന്നതിന് ഉപകരിക്കുന്ന പൊതു വിതരണ സമ്പ്രദായം നിലനിർത്താൻ സംസ്ഥാന സർക്കാർ ആലോചിക്കുന്നുണ്ടോ;

(സി) എങ്കിൽ കൂടുതൽ നിത്യോപയോഗ സാധനങ്ങൾ പൊതുവിതരണസമ്പ്രദായത്തിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) പത്ര മാധ്യമങ്ങളിലൂടെയും മറ്റും ഇതു സംബന്ധമായ സൂചന ലഭിച്ചിരുന്നു. ഔദ്യോഗികമായി അറിയിപ്പ് ലഭിച്ചിട്ടില്ല.

(ബി) പൊതു വിതരണ സമ്പ്രദായം നിലനിറുത്തുവാൻ സംസ്ഥാന ഗവൺമെന്റ് കഴിവതെല്ലാം ചെയ്തുവരുന്നുണ്ട്. കേന്ദ്ര ഭക്ഷ്യമന്ത്രിക്ക് നിവേദനം നൽകുകയും കേന്ദ്ര ഭക്ഷ്യ വകുപ്പു സെക്രട്ടറിയുമായി ഇതേപ്പറ്റി ചർച്ച നടത്തുകയും ചെയ്തു. സംസ്ഥാനത്തുനിന്നുള്ള എം.പി.മാരെ വിവരം അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(സി) തൽക്കാലം ആലോചനയിൽ ഇല്ല.

ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം

29 (*29)ശ്രീമതി രാധാ രാഘവൻ :

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് വിൽപ്പന നടത്തുന്ന ആയൂർവേദ മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കാൻ ഇപ്പോൾ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇല്ലെങ്കിൽ ആയൂർവേദ മരുന്നുകൾക്ക് ഗുണനിലവാരം ഉറപ്പു വരുത്താൻ ആവശ്യമായ നിയമനിർമ്മാണം നടത്തുമോ;

(സി) ആയൂർവേദ മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കാൻ സംസ്ഥാന ഡ്രഗ്സ് കൺട്രോളർക്ക് അധികാരം നൽകുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. പണ്ടുമുഖദാസ്) :

(എ)-(സി) കേന്ദ്ര നിയമമായ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് നിയമത്തിൽ ആയൂർവേദ മരുന്നുകൾക്ക് ആൾക്കഹോൾ പരിധി ഒഴികെ മറ്റ് ഗുണനിലവാര മാനദണ്ഡങ്ങളൊന്നും നിർദ്ദേശിച്ചിട്ടില്ല. മരുന്നുകളിൽ രാസവസ്തുക്കളോ സ്റ്റിറോയിഡുകളോ അടങ്ങിയിട്ടുണ്ടോ എന്ന് കണ്ടുപിടിക്കാൻ ആവശ്യമായ സംവിധാനം തിരുവനന്തപുരത്തുള്ള ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ നിലവിലുണ്ട്. ഈ ലാബോറട്ടറി ഡ്രഗ്സ് കൺട്രോളറുടെ കീഴിലാണ്. കേന്ദ്ര നിയമമായ ഡ്രഗ്സ് ആന്റ് കോസ്മെറ്റികസ് നിയമത്തിൽ ഭേദഗതി വരുത്തുന്നത് സങ്കീർണ്ണമായ നടപടിക്രമമാണ്. ലാബോറട്ടറി പരിശോധന വഴി ഓരോ മരുന്നിലും അടങ്ങിയിട്ടുള്ള വിവിധ ഘടകങ്ങൾ തിരിച്ചറിയുവാനും അളവ് തിട്ടപ്പെടുത്തുവാനും വേണ്ട സാങ്കേതിക വിദ്യ ലഭ്യമല്ലാത്തതിനാലാണ് ഇപ്പോൾ നിയമവ്യവസ്ഥ ഇല്ലാത്തത്.

ഇൻഫർമേഷൻ ടെക്നോളജി

30 (*30)ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. എം.എ. തോമസ് :
ശ്രീ. എൻ. കണ്ണൻ :
ശ്രീ സി.കെ. രാജേന്ദ്രൻ :
ശ്രീ. പി.കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ ടെക്നോളജി വികസിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് കമ്പ്യൂട്ടർ ശൃംഖല വ്യാപകമാക്കുന്നതിന്റെ ഭാഗമായി എന്തൊക്കെ നടപടികളാണ് ഓരോ വകുപ്പിലും സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് സ്കൂൾ ആരംഭിക്കുന്ന നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ഡി) പ്രസ്തുത സ്കൂൾ എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കും എന്ന് അറിയിക്കുമോ;

(ഇ) ഇൻഫർമേഷൻ ടെക്നോളജികൊണ്ട് എന്തൊക്കെ പ്രയോജനങ്ങൾ ലഭിക്കുമെന്നാണ് ഉദ്ദേശിക്കുന്നത്; ഇതുമൂലം എന്തെല്ലാം വിവരങ്ങളാണ് ജനങ്ങളിൽ എത്തിക്കാൻ കഴിയുന്നതെന്ന് വ്യക്തമാകുമോ?

883/2010.

LIBRARY ARCHIVES Kerala Legislative Assembly